# സാമൂഹിക ശാസ്ത്രം

# SOCIAL SCIENCE

## ആറാം തരം

## Standard Six

### മൂന്നാം ഘട്ടം

### TERM III

**Textbook Team**


Translators

**S. GURUKARAPPA. M.A., B.Ed.**
B.T. Asst. in History,
Govt. Hr Sec School,
Thalavadi,
Erode District - 638 461.

**B. SARALA KUMARI. M.A., B.Ed.**
B.T. Asst,
Kannada Sangha Higher Sec School
Ayanavaram,
Chennai - 23

**D. KALAPPA. M.A., B.Ed.**
B.T. Asst in History,
Govt Hr Sec School,
Panakahali.

**M. Jadeswamy. M.A., B.Ed.**
B.T. Assistant,
Govt. High School,
Chikkahalli, Erode District.

Layout & Illustrations

K. Ramamoorthy, M.Nandakumar,
M. Dayanidhi, P. Karupusamy
T. Raghu, Maniyan Selvan
S. Maris, A. Om Murugan

# 1. തദ്ദേശ ഭരണം

നാം അധിവസിക്കുന്ന പ്രദേശങ്ങളിൽ നമ്മുടെ ജനാധിപത്യം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് കാണാം. നമ്മുടെ ഇന്ത്യാരാജ്യം വളരെ വിസ്തൃത മാണ്. ജനസംഖ്യയും വളരെയധികമാണ്. ഇവിടത്തെ ജനങ്ങൾ ഗ്രാമങ്ങളിലും നഗരങ്ങളിലും അധിവസി ക്കുന്നു. ഇത്രയധികം വിസ്തൃതമായ ഭൂപ്രദേശത്തിൽ വസിക്കുന്ന കോടിക്കണക്കിനു ജനങ്ങളുടെ ആവശ്യ ങ്ങളും പ്രശ്നങ്ങളുമെല്ലാം കേന്ദ്രസംസ്ഥാന ഗവൺമെന്റുകളാൽ മാത്രം പരിഹരിക്കാൻ സാദ്ധ്യമല്ല.

രാജ്യത്തിന്റെ വിദൂര കോണുകളിൽ വസിക്കുന്ന ജനങ്ങളുടെ സേവനത്തിനായി തദ്ദേശ സ്വയംഭരണ സംവിധാനം ഇന്ത്യയിൽ ഏർപ്പെടുത്തിയി ട്ടുണ്ട്. ഇവയെക്കുറിച്ച് ഈ പാഠത്തിലൂടെ നമുക്ക് പഠിക്കാവുന്നതാണ്.

**പ്രവർത്തനം :**

നിങ്ങളുടെ സ്ഥലത്തിന്റെ പേരെന്ത്?
ഈ പേര് എങ്ങനെയാണ് രൂപം കൊണ്ടത്? അതിന്റെ അർത്ഥം, കാരണം എന്നിവയറിയാമോ? മുത്തച്ഛൻ, മുത്തശ്ശി, സ്ഥലപ്രമുഖർ എന്നിവരോട് ചോദിച്ചറിയുക.

മനോഹരവും അർത്ഥസമ്പുഷ്ടവുമായ സ്ഥലനാമങ്ങൾ തമിഴ്നാടിന്റെ സവിശേഷതകളിൽ ഒന്നാണ്. ചില സ്ഥലനാമങ്ങൾ ചരിത്ര പുസ്തകത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളതെന്നറിയുക.

'ഗംഗൈകൊണ്ട ചോളപുരം'
'മലയടിക്കുറിച്ചി'
'ചേരൻമാദേവി'
'ശാന്റോർപാളയം'
'എപ്പോതും വെന്റാൻ'
'നല്ലാൺപിള്ളൈ പെറ്റാൾ'
'പാൽ വാർത്തു വെന്റാൻ'
'പനപ്പാക്കം'
'മലൈയാൺടിപ്പട്ടണം'
'തിരുച്ചിറ്റമ്പലം'

'പൺ പൊഴിൽ' – ഇവ തമിഴ്നാട്ടിൽ ചില സ്ഥലനാമങ്ങളാണ്. ഇവയുടെ പേരുകൾ എപ്രകാരം രൂപംകൊണ്ടതെന്ന് അദ്ധ്യാപകരുടെ സഹായ ത്തോടെ ചോദിച്ചറിഞ്ഞ് കുറിപ്പുകൾ തയ്യാറാക്കുക. ചെറിയ സംഘങ്ങളായി ഈ പ്രവർത്തനത്തിൽ ഏർപ്പെ ടേണ്ടതാണ്.

'പഞ്ചായത്ത് ഓഫീസ്' എന്ന ബോർഡു വെച്ചിട്ടുള്ള ഒരു കെട്ടിടം നിങ്ങൾ കണ്ടിരിക്കാം. പഞ്ചാ യത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ പേരും ബോർഡിൽ എഴുതിയിട്ടുണ്ടാകും. അവയെ ക്കൂടാതെ വാർഡംഗങ്ങളെന്ന് ചിലരുടെ പേരും അതിൽ കാണാവുന്നതാണ്.

ഇതുപോലെ ടൗൺ പഞ്ചായത്ത്, പഞ്ചാ യത്ത് യൂണിയൻ, ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപന ങ്ങളും, ജനപ്രതിനിധികളാൽ പ്രവർത്തിക്കുന്നുണ്ട്.

ഈ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നു പറയുന്നു. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണാധികാരിയായിരുന്ന റിപ്പൺ പ്രഭുവാണ് ആദ്യ മായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏർപ്പെടു ത്തിയത്. രാജ്യം സ്വാതന്ത്ര്യം നേടുന്നതിനു മുമ്പുതന്നെ തദ്ദേശ ഭരണം ഏർപ്പെടുത്തിയിരുന്നു.

**ഗ്രാമപഞ്ചായത്ത്:**

ഗ്രാമങ്ങളിൽ പ്രവർത്തിച്ചുവരുന്ന പഞ്ചായ ത്തിനെ ഗ്രാമപഞ്ചായത്ത് എന്നു പറയുന്നു. ഇവി ടത്തെ ഭരണാധികാരി, വാർഡ് അംഗങ്ങൾ, കൗൺസിലർ തുടങ്ങിയവരെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കപ്പെടുന്നു. തെരഞ്ഞെടുക്കപ്പെട്ട വാർഡ് അംഗങ്ങൾ ഒരാളെ ഗ്രാമപഞ്ചായത്ത് പ്രസി ഡന്റായി തെരഞ്ഞെടുക്കുന്നു. ഇവരുടെ ഔദ്യോ ഗിക കാലാവധി 5 വർഷങ്ങളാണ്.

പഞ്ചായത്തുകൾ മൂലം നിർവ്വഹിക്കുന്ന പ്രവർത്തനങ്ങൾ.

- തെരുവുവിളക്കുകൾ സ്ഥാപിക്കുക
- റോഡുകളുണ്ടാക്കുക
- കുടിവെള്ള വിതരണം
- മലിനജന ചാലുകൾ ഏർപ്പെടുത്തുക
- ചെറിയ പാലങ്ങൾ തീർക്കുക
- കെട്ടിടങ്ങൾ കെട്ടുന്നതിന് അനുമതി നൽകുക
- ഗ്രന്ഥശാല പരിരക്ഷണം
- ബഹുനില കെട്ടിടങ്ങൾ കെട്ടുക
- യുവജനങ്ങൾക്കായുള്ള വിനോദത്തിനും മറ്റും കളിസ്ഥലങ്ങളുണ്ടാക്കുക

നിങ്ങളുടെ സ്ഥലത്തുള്ള തെരുവു വിളക്കുകൾ കത്തുന്നില്ല; റോഡ് കേടുപാടുള്ളതായിരിക്കുന്നു. പൈപ്പുകളിൽ കുടിവെള്ളം വരുന്നില്ല. മലിനജല ചാലുകളിലെ ഒഴുക്ക് തടസ്സപ്പെട്ടതിനാൽ തെരുവിൽ മലിനജലം കെട്ടിക്കിടക്കുന്നു. **ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നിങ്ങൾ ആരെ സമീപിക്കും?**

മുകളിൽപറഞ്ഞിട്ടുള്ള ജോലികൾ ചെയ്യുന്നതിന് പണം വേണം. അതിനുള്ള പണം ആരാണ് നൽകുക? നാം ജനങ്ങൾ തന്നെ. ഭവന നികുതി, തൊഴിൽ നികുതി, സ്വത്തുനികുതി എന്നിവ ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്നു. ആ പണംകൊണ്ടാണ് മുകളിൽ പറഞ്ഞിട്ടുള്ള ജോലികൾ നടത്തുന്നത്.

## വരുമാനം

ഭവന നികുതി, തൊഴിൽ നികുതി, വ്യാപാര സ്ഥാപനങ്ങളിൽനിന്നുള്ള നികുതി, കുടിവെള്ളസംവിധാനത്തിനുള്ള തുക മറ്റും നികുതി, നിലനികുതിയിൽനിന്നുമുള്ള ഒരു പ്രത്യേക ഭാഗം, സ്വത്ത് ക്രയവിക്രയ ഫീസിൽ നിന്നും ലഭിക്കുന്ന ഒരു പ്രത്യേക ഭാഗം എന്നിവ ഗ്രാമവികസനത്തിന് പ്രയോജനപ്പെടുത്തുന്നു. ഇവ മാത്രം മതിയാകുന്നതല്ല. അതുകൊണ്ട് കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകൾ വിവിധ പദ്ധതികൾക്കായുള്ള തുകയും, ഗ്രാന്റും സഹായധനങ്ങളും ഗ്രാമീണ വികസന സമിതിമൂലം പഞ്ചായത്തുകൾക്ക് നൽകുന്നുണ്ട്.

## ഗ്രാമസഭ

ഓരോ ഗ്രാമത്തിലും ഒരു ഗ്രാമസഭ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ അതിർത്തിക്കുള്ളിലുള്ള എല്ലാ ജനങ്ങളും അതിലെ അംഗങ്ങളാണ്. ഗ്രാമ വികസനപദ്ധതികൾ, ഓരോ വർഷത്തേയും വരവു ചെലവു കണക്കുകൾ, പദ്ധതികളാൽ പ്രയോജനപ്പെടുന്നവർ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഗ്രാമസഭയുടെ അംഗീകാരത്തിനു ശേഷമാണ് പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നത്.



## പ്രവർത്തനം

നിങ്ങളുടെ ഗ്രാമത്തിൽ ഗ്രാമസഭ നടക്കുന്നത് കണ്ടിട്ടുണ്ടോ? രക്ഷിതാക്കളോടൊപ്പം പോയി ഗ്രാമസഭ നടക്കുന്നതിനെ വീക്ഷിക്കുക. എങ്ങനെയാണതു നടക്കുന്നതെന്ന് ചോദിച്ചു മനസ്സിലാക്കുക.

ഗ്രാമസഭായോഗങ്ങൾ ഒരു വർഷത്തിൽ 4 തവണ നടക്കുന്നതാണ്.

| | |
|---|---|
| ജനുവരി 26 | – റിപ്പബ്ലിക് ദിനം |
| മേയ് 1 | – തൊഴിലാളി ദിനം |
| ആഗസ്റ്റ് 15 | – സ്വാതന്ത്ര്യ ദിനം |
| ഒക്ടോബർ 2 | – ഗാന്ധി ജയന്തി ദിനം |

ഈ നാലു ദിവസങ്ങളും പൊതു അവധിദിനങ്ങളാണ്. എല്ലാവരും പങ്കെടുക്കുന്നതിനായി ഈ ദിവസങ്ങളിൽ ഗ്രാമസഭകൾ നടത്തുന്നു. ഗവൺമെന്റ് അവധി ദിനങ്ങളില്ലാതെ മറ്റു ദിനങ്ങളിലും ഗ്രാമസഭകൾ നടത്താറുണ്ട്. ഇവ കൂടാതെ അടിയന്തിരമായി ഏതെങ്കിലും പദ്ധതികളുടെ അംഗീകാരത്തിന് പ്രത്യേക ഗ്രാമസഭായോഗങ്ങളും നടത്താവുന്നതാണ്

നിങ്ങളുടെ ഗ്രാമത്തിലുള്ള പഞ്ചായത്തിൽ ജോലി ചെയ്യുന്നവരോട് നികുതി നിർണ്ണയത്തെക്കുറിച്ച് ചോദിച്ചറിയുക.

## പഞ്ചായത്ത് യൂണിയൻ

പല ഗ്രാമപഞ്ചായത്തുകളെ ഒന്നിച്ചു ചേർത്ത് ഭരണനിർവ്വഹണം നടത്തുന്നതാണ് "പഞ്ചായത്ത് യൂണിയൻ".

തെരഞ്ഞെടുപ്പ് മൂലം അഞ്ചായിരം ജനങ്ങൾക്ക് ഒരാൾ എന്ന തോതിൽ പഞ്ചായത്ത് യൂണിയൻ അംഗങ്ങൾ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നു. അവരിലൊരാളെ പഞ്ചായത്ത് യൂണിയൻ പ്രസിഡന്റായി അംഗങ്ങൾ തെരഞ്ഞെടുക്കുന്നു.

### പഞ്ചായത്ത് യൂണിയന്റെ പ്രവർത്തനങ്ങൾ

- പഞ്ചായത്ത് യൂണിയൻ റോഡുകളുടെ അറ്റകുറ്റപ്പണികൾ
- കുടിവെള്ള വിതരണം
- ഗ്രാമീണതലത്തിൽ ആശുപത്രികൾ ഏർപ്പെടുത്തൽ
- പ്രൈമറി സ്കൂളുകളുടെ കേടുപാട് തീർക്കൽ
- മാതൃ – ശിശുക്ഷേമ സമിതികൾ ഏർപ്പെടുത്തൽ
- മാർക്കറ്റ് സംവിധാനം
- മൃഗാശുപത്രികൾ ഏർപ്പെടുത്തൽ
- കാർഷിക ഉപകരണങ്ങൾ, വളം എന്നിവയുടെ വിനിയോഗം
- സമൂഹവനങ്ങൾ വെച്ചുപിടിപ്പിക്കൽ.

**പ്രവർത്തനം :**

അദ്ധ്യാപകരുടെ സഹായത്തോടെ പഞ്ചായത്ത് യൂണിയൻ ചെയർമാനുമായി അഭിമുഖം നടത്തുക. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ എഴുതിക്കൊണ്ട് വന്ന് ക്ലാസ്സിൽ അദ്ധ്യാപകരോട് ചർച്ച ചെയ്യുക.

പഞ്ചായത്ത് യൂണിയന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി ജില്ലാ ഭരണത്തിൻകീഴിൽ ജില്ലാ ഗ്രാമീണ വികസന സമിതി ഉണ്ട്. ജില്ലാ കളക്ടർ, പദ്ധതി ഓഫീസർ, പ്രാദേശിക വികസന ഓഫീസർ എന്നിവർ ഈ സമിതിമൂലം ജോലികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നു.

## ജില്ലാ പഞ്ചായത്ത്

ജില്ലകൾ തോറും ഓരോ ജില്ലാ പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. 50,000 ജനങ്ങൾക്ക് ഒരാൾ എന്ന തോതിൽ ജില്ലാ പഞ്ചായത്തംഗങ്ങൾ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നു. അവരിലൊരാളെ ജില്ലാ പഞ്ചായത്തു പ്രസിഡന്റായി അംഗങ്ങൾ തെരഞ്ഞെടുക്കുന്നു. ഇവരുടെ ഔദ്യോഗിക കാലാവധി 5 വർഷങ്ങൾ.

## ജില്ലാ പഞ്ചായത്തിന്റെ കർത്തവ്യങ്ങൾ

ജില്ലയിലുള്ള ഗ്രാമപഞ്ചായത്തുകൾ, പഞ്ചായത്ത് യൂണിയനുകൾ എന്നിവയുടെ വികസനപദ്ധതികൾ, ജില്ലാ റോഡുകളുടെ വികസനം സംബന്ധിച്ചുള്ള നിർദ്ദേശം ഗവൺമെന്റിനു നൽകുക, വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക എന്നിവയാണ്.

**പ്രവർത്തനം :**

ജില്ലയിലുള്ള ചില ഗ്രാമ പഞ്ചായത്തുകളുടേയും നഗരസഭകളുടേയും പേരുകളിൽ അറിയാവുന്നവയെക്കുറിച്ച് ചെറിയ സംഘങ്ങളായി ചർച്ച ചെയ്ത്, വിവരങ്ങൾ ക്രമീകരിച്ച് രേഖപ്പെടുത്തുക.

അറിയുക:

## ജില്ലാ പദ്ധതിയാസൂത്രണ സമിതി:

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഇതിന്റെ തലവനായി പ്രവർത്തിക്കുന്നു. ഇതിലെ അംഗങ്ങളെ തദ്ദേശ സമിതികളിലെ പ്രതിനിധികൾ തെരഞ്ഞെടുക്കുന്നു. ജില്ലയിലെ നിയമസഭാംഗങ്ങളും പാർലമെന്റംഗങ്ങളും ഈ സമിതിയിൽ അംഗങ്ങളാണ്. ജില്ലയ്ക്കാകമാനം ആവശ്യമുള്ള വികസനപദ്ധതികൾ തയ്യാറാക്കി സംസ്ഥാന ആസൂത്രണ സമിതിക്ക് അയച്ചുകൊടുക്കുക എന്നതാണ് ഇതിന്റെ കർത്തവ്യം.

## നഗരസഭ:

ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള പ്രദേശങ്ങളെ നഗരസഭ (മുൻസിപ്പാലിറ്റി) എന്നുപറയുന്നു. ഇതിന്റെ ചെയർമാൻ, അംഗങ്ങൾ എന്നിവരെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു. അവരുടെ ഔദ്യോഗിക കാലാവധി അഞ്ചു വർഷങ്ങൾ. ഇതിന്റെ ഭരണനിർവ്വഹണം മുൻസിപ്പൽ കമ്മീഷണറിൽ നിക്ഷിപ്തമാണ്.

## മഹാനഗരസഭ (കോർപ്പറേഷൻ):

വളരെയധികം ജനസംഖ്യയും നിരവധി സ്ഥാപനങ്ങളും വലിയ ഓഫീസുകളും സ്ഥിതി ചെയ്യുന്ന പ്രദേശത്തെ മഹാനഗരം അഥവാ കോർപ്പറേഷൻ എന്നു പറയുന്നു. മഹാനഗരസഭയുടെ തലവനെ **മേയർ** എന്നു വിളിക്കുന്നു. ഇതിന്റെ ഭരണ നിർവ്വഹണ ഉദ്യോഗസ്ഥൻ കമ്മീഷണറാണ്. മേയറുടെ ഔദ്യോഗിക കാലാവധി 5 വർഷങ്ങൾ.

| ഗ്രാമസഭ<br>പഞ്ചായത്ത്<br>പഞ്ചായത്ത് യൂണിയൻ<br>ജില്ലാ പഞ്ചായത്ത് | ← തദ്ദേശഭരണം → | ജില്ലാ പഞ്ചായത്ത്<br>ടൗൺ പഞ്ചായത്ത്<br>നഗരസഭജില്ലാ<br>മഹാനഗരസഭ |
|---|---|---|

## ടൗൺ പഞ്ചായത്ത്:

ജനസംഖ്യ പതിനായിരത്തിൽ അധികമുള്ള പഞ്ചായത്തുകളെ ടൗൺ പഞ്ചായത്തായി നിലവാരം ഉയർത്തുന്നു. ഇതിലെ പ്രസിഡന്റിനേയും അംഗങ്ങളേയും ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു. ടൗൺ പഞ്ചായത്തിന്റെ ഭരണനിർവ്വഹണം എക്സിക്യുട്ടീവ് ഓഫീസറിൽ നിക്ഷിപ്തമാണ്.



ചെന്നൈ കോർപ്പറേഷൻ

## മൂല്യനിർണ്ണയം

### I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

1. ഇന്ത്യയിൽ തദ്ദേശ സ്വയംഭരണം ആദ്യമായി ഏർപ്പെടുത്തിയത്

   a) റിപ്പൺ പ്രഭു

   b) ഗാന്ധിജി

   c) ഇന്ദിരാഗാന്ധി

2. പഞ്ചായത്ത് പ്രസിഡന്റിനെ —— തെരഞ്ഞെടുക്കുന്നു.

   a) പ്രതിനിധികൾ

   b) ജനങ്ങൾ

   c) യൂണിയൻ ചെയർമാൻ

### II. പൂരിപ്പിക്കുക:-


1. മേയറുടെ ഔദ്യോഗിക കാലാവധി —— വർഷങ്ങൾ
2. ജില്ലകൾ തോറും ഒരു —— പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്.

### III. ഉത്തരമെഴുതുക:-

1. തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യകതയെന്ത്?
2. ഗ്രാമസഭയുടെ പ്രവർത്തനങ്ങൾ ഏവ? ഒരു വർഷത്തിൽ എത്ര തവണ, ഏതെല്ലാം ദിനങ്ങളിൽ ഗ്രാമസഭായോഗം നടക്കുന്നു?
3. ഗ്രാമസഭയുടെ മുഖ്യമായ പ്രവർത്തനങ്ങളിൽ നാലെണ്ണം എഴുതുക.
4. പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ ഏവ ?
5. പഞ്ചായത്ത് യൂണിയൻ എങ്ങനെയാണ് രൂപീകരിക്കുന്നത്?

## പ്രായോഗിക പ്രവർത്തനം

1. നിങ്ങളുടെ പഞ്ചായത്തു പ്രസിഡന്റുമായി അഭിമുഖം നടത്താൻ ആവശ്യമായ ഒരു ചോദ്യോത്തരി തയ്യാറാക്കുക
2. തെരഞ്ഞടുപ്പു വേളകളിൽ ഉാകുന്ന സംഭവങ്ങളെ ആസ്പദമാക്കി ഒരു നാടകം അവതരിപ്പിക്കുക.
3. നിങ്ങളുടെ പഞ്ചായത്തു പ്രസിഡന്റുമായി അഭിമുഖം നടത്തുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾക്ക് ചെയ്തു തരേത് എന്നുള്ള, ആവശ്യങ്ങളട ങ്ങിയ നിവേദനത്തിന്റെ മാതൃക തയ്യാറാക്കുക.
4. വിദ്യാലയ മുന്നേറ്റത്തിനായി ഏതെല്ലാം സംഘങ്ങളെ തെരഞ്ഞെടുക്കാം?
5. നിങ്ങളുടെ പഞ്ചായത്തിനെക്കുറിച്ചുള്ള മൈന്റ് മേപ്പ് തയ്യാറാക്കുക.



## 2. ജനാധിപത്യവും മനുഷ്യ വിഭവവും

## സ്ത്രീ ധിഷണാശക്തിയും

ഒരു രാജ്യത്തിലെ പൗരന്മാർ തെരഞ്ഞെടുക്കുന്ന ഭരണം ജനകീയ ഭരണമാകുന്നു. ജനങ്ങളാൽ നിർവ്വഹിക്കപ്പെടുന്ന ഭരണത്തെ റിപ്പബ്ലിക്, ജനാധിപത്യം എന്നീ പേരുകളിൽ അറിയപ്പെടുന്നു.

ഒരു റിപ്പബ്ലിക്കിൽ എല്ലാ പൗരന്മാർക്കും തുല്യാവകാശമുണ്ട്. പതിനെട്ടു വയസ്സ് തികഞ്ഞ എല്ലാ പൗരൻമാർക്കും വോട്ടവകാശമുണ്ട്. നമ്മുടെ രാജ്യത്തിലെ എല്ലാ പൗരൻമാർക്കും തുല്യ അവസരങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ജനസംഖ്യയുടെ പകുതി ഭാഗം വരുന്ന സ്ത്രീകൾക്ക് ഈ അവസരങ്ങൾ നിഷേധിക്കപ്പെടുകയാൽ അവർ പിന്നോക്കാവസ്ഥയിലാണ്. ഇത് നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥിതിയെ ക്ഷയോന്മുഖമാക്കുന്നു. സ്ത്രീകൾക്കും തുല്യ അവസരം നൽകുകയാണെങ്കിൽ അവരുടെപങ്കാളിത്തംജനാധിപത്യത്തിന് കൂടുതൽ ശക്തി പകരുന്നതാ യിരിക്കും.

ജനങ്ങൾക്കിടയിൽ ഉച്ചനീചത്വങ്ങൾ പല രീതികളിൽ രൂപംകൊള്ളുന്നു. അങ്ങനെ രൂപീകൃതമായവയാണ് ജന്മനാൽ ഉയർന്ന ജാതി, താഴ്ന്ന ജാതി എന്നീ വ്യത്യാസങ്ങളും അയിത്തവും. കൂടാതെ സമ്പന്നർ – ദരിദ്രർ, മുതലാളി – തൊഴിലാളി, യജമാനൻ – അടിമ, അഭ്യസ്തവിദ്യർ – നിരക്ഷരർ, ഭൂപ്രഭു – കർഷകർ എന്നീ വ്യത്യാസങ്ങളുമുണ്ട്.

ഇപ്രകാരം സമൂഹത്തിലുള്ള ഉച്ചനീചത്വങ്ങളാൽ, നിരവധി കാലങ്ങളായി ജീവിതത്തിനുള്ള നല്ല സാഹചര്യങ്ങൾ നഷ്ടപ്പെട്ടവർ ധാരാളമുണ്ട്. അവർക്ക് നഷ്ടപ്പെട്ട അവസരങ്ങൾ വീണ്ടും ലഭ്യമാക്കുന്നതുമൂലം അവരുടെ സമ്പൂർണ്ണ ജീവിതത്തിന് വഴിയൊരുക്കാവുന്നതാണ്. അതനുസരിച്ച് സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ നിർമ്മാർജ്ജനം ചെയ്യപ്പെട്ട് ഒരു സമത്വ സമൂഹം രൂപീകൃതമാകുന്നതിന് സാദ്ധ്യമാവുന്നു. അപ്രകാരം ചെയ്യുന്നതിനെ സാമൂഹ്യനീതിയായി പറയപ്പെടുന്നു.

അതുപോലെ പ്രകൃത്യാൽ പുരുഷൻ – സ്ത്രീ എന്ന വിഭജനമുള്ള ജനങ്ങൾക്കിടയിൽ പുരുഷന്മാർ ഉയർന്നവരാണ്, സ്ത്രീകൾ താഴ്ന്നവരാണ് എന്നിങ്ങനെയുള്ള അന്ധവിശ്വാസങ്ങൾ വ്യത്യാസങ്ങളെ വർദ്ധിപ്പിക്കുന്നു. അത് സമൂഹത്തിന്റെ ആകെയുള്ള ശക്തിയും മനുഷ്യവിഭവവും വികസിക്കുന്നതിന് തടസ്സമാകുന്നു.

സ്ത്രീകളുടെ സ്വാഭാവികമായ സ്ഥിതികളാൽ അവരെ അബലകളായി പറയുന്നതുകൊണ്ട് പുരുഷന്മാരേക്കാൾ സ്ത്രീകൾ ധിഷണാശക്തിയിൽ ഒട്ടും കുറവല്ല. പൊതുവായി, പുരുഷന്മാർ, ശാരീരിക ശേഷിയിൽ മികച്ചവരാണെങ്കിൽ സ്ത്രീകൾ മനഃശക്തിയിൽ മികച്ചവരാണ്. ശാരീരിക ശേഷിയും മനഃശക്തിയും വ്യക്തികൾ തോറും വ്യത്യാസപ്പെടുന്നു. ഇതിനു കാരണം സ്ത്രീ പുരുഷ വ്യത്യാസമല്ല മറിച്ച്, പാരമ്പര്യാധിഷ്ഠിതമായ പ്രവർത്തനങ്ങളാണ്. സമൂഹത്തിൽ പുരുഷന്മാർക്ക് വിദ്യാഭ്യാസ സാഹചര്യം, ശമ്പളം ലഭിക്കുന്ന ജോലി ചെയ്യാനുള്ള സാദ്ധ്യത, സ്വത്ത് പരിപാലനത്തിനുള്ള അവസരം എന്നിവ കാലാനുഗതമായി ലഭിച്ചതിനാൽ ഭരണനേതൃത്വം, ഗവൺമെന്റ് ഉദ്യോഗത്തിലെ ഉന്നത പദവി എന്നിവ നിർവ്വഹിക്കുന്നതിന് പുരുഷന്മാർ മാത്രമാണ് പ്രാപ്തർ എന്ന തെറ്റായ ധാരണ സമൂഹത്തിൽ വളർന്നു.

കുഞ്ഞുങ്ങളെ പ്രസവിച്ച് വളർത്തുന്ന അമ്മമാർ, വീട്ടിനുള്ളിലെ കുടുംബപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടവരാണെന്നും, വീടിനു പുറത്തുള്ള ജോലികളും കഠിനജോലികളും ചെയ്യുന്നതിന് പ്രാപ്തർ പുരുഷന്മാരാണെന്നും പണ്ടുമുതലേ ധാരണയുള്ളവരാണ് നാം.

കൂടാതെ എല്ലാ സ്ത്രീകളും പിതാവ്, ഭർത്താവ്, പുത്രൻ എന്നീ പുരുഷന്മാരിൽ ആരെയെങ്കിലും ആശ്രയിച്ചാണ് ജീവിക്കേണ്ടതെന്ന വിശ്വാസവും നമുക്കുണ്ട്. ഈ ധാരണ പല തലമുറകളായി നിലവിലുള്ളതാണ്. സാമൂഹ്യ ജീവിതത്തിൽ കാലാനുഗതമായി ഏർപ്പെട്ട ഇത്തരം ആശയങ്ങൾ നമ്മുടെ മനസ്സിലും പതിയുന്നുണ്ട്.

**സ്ത്രീകളുടെ ധിഷണയും സാമർത്ഥ്യവും കുറിച്ചറിയുന്നതിന്, ദീർഘകാലമായി അവർ ചെയ്യുന്ന നിരവധി ജോലികളുടെ പട്ടിക തയ്യാറാക്കിയാൽ മനസ്സിലാകും.**

- കുടുംബത്തിലെ ജോലികൾ ചെയ്യുക, പാചകം ചെയ്യുക, കുടുംബ സാമ്പത്തികനിലയെ ഉയർത്തുക.
- കന്നുകാലി സംരക്ഷണം. അതിലൂടെ ലഭിക്കുന്ന വരുമാനംകൊണ്ട് കുടുംബത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുക.
- പായ്, ഓല, കുട എന്നിവ മെടഞ്ഞുണ്ടാക്കുക.
- ആരോഗ്യപരിപാലനം, പരിസര ശുചീകരണം, രോഗപ്രതിരോധം, കുടുംബത്തിലെ വൈദ്യശുശ്രൂഷ.
- പ്രസവം, ശിശുസംരക്ഷണം, കുഞ്ഞുങ്ങളെ വളർത്തുന്ന ജോലി ചെയ്യുക.
- അടുക്കളത്തോട്ടം വെച്ചുപിടിപ്പിക്കുക. പച്ചക്കറി, പഴങ്ങൾ, പൂക്കൾ, കിഴങ്ങുകൾ, പാൽ എന്നിവയുടെ ഉല്പാദനവും അവയുടെ വിപണനവും.
- ചെലവു ചുരുക്കൽ, ബന്ധു ജനസമ്പർക്കം, പരിസര സംരക്ഷണം.
- പാടത്തിലെ ജോലികൾ, ധാന്യസംഭരണം, വിത്തുസംരക്ഷണ ജോലികൾ.

എന്നിങ്ങനെ കുശാഗ്രബുദ്ധിയും, സഹനശക്തിയും സാങ്കേതിക പരിജ്ഞാനവും സാമർത്ഥ്യവും ദീർഘസമയത്തെ അദ്ധ്വാനവും ആവശ്യമായിട്ടുള്ള ജോലികൾ അവർ വളരെ ക്കാലമായി ചെയ്തുവരുന്നുണ്ട്.

**വിദ്യാഭ്യാസ പുരോഗതിയാൽ അദ്ധ്യാപക വൃത്തി, നഴ്സ്, ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ, പോലീസ് എന്നി ജോലികളിലും സ്ത്രീകൾ മികച്ച നിലയിൽ പ്രവർത്തിക്കുന്നു. ഡോക്ടർ, എഞ്ചിനീയർ, ലക്ചറർ, അഡ്വക്കേറ്റ്, ന്യായാധിപന്മാർ, മാദ്ധ്യമ പ്രവർത്തകർ എന്നിങ്ങനെയുള്ള ജോലികളിലും കലാരംഗത്തും സിനിമാഭിനയത്തിലും അവർ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് ഉദ്യോഗസ്ഥരായും, കാർ, ബസ്സ്, ലോറി, ട്രാക്ടർ എന്നീ വാഹനങ്ങളിലെ ഡ്രൈവറായും ആകാശ വിമാനം പ്രവർത്തിപ്പിക്കുന്നതിലും ബഹിരാകാശ പേടകത്തിൽ യാത്ര ചെയ്യുന്നതിലും, ശാസ്ത്രഗവേഷണങ്ങളിലും, ബാങ്ക് മാനേജർ, ജില്ലാ കളക്ടർ, പോലീസ് കമ്മീഷണർ എന്നിങ്ങനെയുള്ള വിവിധ ജോലികളിലും പ്രശംസനീയമാംവിധത്തിൽ പ്രവർത്തിച്ചു വരുന്നു.**



**ഇപ്രകാരം, വിവിധ രംഗങ്ങളിൽ സ്ത്രീകൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്നതു കണ്ടതിനു ശേഷവും ആർക്കാണ്, പുരുഷന്മാർക്കു മാത്രമുള്ള ജോലി ഉള്ളതായി പറയാൻ കഴിയുക?**

**ഭാരതിയുടെ കാഴ്ചപ്പാടിലുള്ള ആധുനിക വനിതകളായി ശോഭിക്കുന്ന നിരവധി പേരുണ്ട്.**

**സ്ത്രീത്വത്തെ അവഹേളിക്കും**
**മൂഢത്വത്തെ യകറ്റിടാം**
**ലോക ജീവിതത്തിലെവിടെ**
**യെങ്ങു മേതു വിധത്തിലും**
**ഉച്ചനീച നിലകൾ മാറി**
**സ്ത്രീകളോട് പുരുഷരും**
**തുല്യരെന്ന നിലയിലായ്**
**വാഴ്ന്നിടാ മിങ്ങു നാട്ടിൽ**

എന്ന ദേശീയകവി ഭാരതിയുടെ വരികൾ, ഏതു രംഗത്തും സ്ത്രീകൾ പുരുഷന്മാർക്ക് ഒട്ടും പിന്നിലല്ല എന്നു കാട്ടുന്നതല്ലേ?

## മഹിളാതിലകം – ഡോക്ടർ മുത്തുലക്ഷ്മി

സ്ത്രീകളുടെ ധിഷണാശക്തിക്ക് ഒരു മികച്ച ഉദാഹരണമായി ശോഭിച്ചിരുന്നവരാണ് മഹിളാതിലകം ഡോ. മുത്തുലക്ഷ്മി.

1886 ജൂലൈ 30 – ാം തീയതി പുതുക്കോട്ട എന്ന നാട്ടുരാജ്യത്തിൽ ജനിച്ചു. വിദ്യാഭ്യാസ ഘട്ടത്തിൽതന്നെ അവർ മികവ് കാണിച്ചിരുന്നു. 'മുളയിലറിയാം മുളങ്കരുത്ത്' എന്നതിനനുസൃതമായി കുശാഗ്രബുദ്ധിയും എന്തിനേയും വിവേചനത്തോടെ സമീപിച്ച് യാഥാർത്ഥ്യം മനസ്സിലാക്കാനുള്ള താല്പര്യവും പ്രദർശിപ്പിച്ചിരുന്നു.

അക്കാലത്തെ സാമൂഹ്യചിട്ട പ്രകാരം പെൺകുട്ടികൾ സ്കൂളിൽ ചെന്ന് പഠിക്കുന്നത് തടുക്കപ്പെട്ട സാഹചര്യത്തിൽ വീട്ടിലിരുന്ന് പ്രത്യേക അദ്ധ്യാപകരുടെ സഹായത്താൽ പഠിച്ച് സ്കൂൾ ഫൈനൽ പരീക്ഷ എഴുതി വിജയിച്ചു. ആണുങ്ങൾ മാത്രം പഠിച്ചിരുന്ന പുതുക്കോട്ട കോളേജിൽ ആദ്യമായി ഒരേ പെൺവിദ്യാർത്ഥിയായി വിദ്യ അഭ്യസിച്ചു. അവർ സ്വാഭാവികമായി നീതിബോധം സഹാനുഭൂതി, മനുഷ്യസ്നേഹം എന്നീ സദ്ഗുണങ്ങളുടെ വിളനിലമായിരുന്നു

.

ചെന്നൈ മെഡിക്കൽ കോളേജിൽ 1912ൽ ഡോക്ടർ ബിരുദം നേടിയ ആദ്യത്തെ ഇന്ത്യൻ വനിതയാണിവർ. അക്കാലത്തെ ഇംഗ്ലീഷുകാരുടെ ഭരണത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഇന്ത്യക്കാർ പ്രാതിനിധ്യം വഹിച്ചിരുന്ന മദിരാശി നിയമസഭയിൽ നിയമിക്കപ്പെട്ട ആദ്യത്തെ വനിതാ അംഗമായും പിന്നീട് അതിന്റെ ഉപാദ്ധ്യക്ഷയായും മികച്ച പ്രവർത്തനം കാഴ്ചവെച്ചിരുന്നു. പുരുഷന്മാരെപ്പോലെ സ്ത്രീകൾക്ക് വോട്ടവകാശവും സ്വത്തവകാശവും നൽകണമെന്ന് അവർ ആവശ്യപ്പെട്ടു.

അഖിലേന്ത്യാ മഹിളാ സമിതിയുടെ പ്രഥമ അദ്ധ്യക്ഷയായും ചെന്നൈ കോർപ്പറേഷന്റെ പ്രഥമ ഓഫീസറായും തെരഞ്ഞെടുക്കപ്പെട്ട് പ്രശംസാർഹമായ രീതിയിൽ പ്രവർത്തിച്ചു. സ്വാതന്ത്ര്യപ്രസ്ഥാനനേതാക്കന്മാരുടെ സമരബോധത്തെ ബഹുമാനിച്ച ഡോ. മുത്തുലക്ഷ്മി കവി ഭാരതിയേയും അറിഞ്ഞിരുന്നു.

തലമുറകളായി സമുദായത്തിലെ സ്ത്രീകൾ പലതരം പീഡനങ്ങൾക്കും വിധേയരാകുന്നതുകണ്ട് വേദനിച്ച അവർ സ്ത്രീകളുടെ ദുരിതങ്ങൾക്ക് അറുതി വരുത്തുന്നതിന് ദൃഢനിശ്ചയം കൊണ്ടു. സ്ത്രീ വിദ്യാഭ്യാസം, സ്ത്രീപുരുഷ സമത്വം, സ്ത്രീകൾക്ക് സ്വതന്ത്രമായ ജീവിതം, സ്ത്രീപുരോഗതി പെൺശിശു സംരക്ഷണം എന്നിങ്ങനെയുള്ള ലക്ഷ്യങ്ങൾക്കായി അവർ പരിശ്രമിച്ചു.





ഡോ. മുത്തുലക്ഷ്മി

കാൻസർ രോഗത്താൽ ദുരിതമനുഭവിച്ച് മരണമടയുന്ന സ്ത്രീകളുടെ വേദനയകറ്റാൻ ലണ്ടനിലെ റോയൽ കാൻസർ ആശുപത്രിയിൽ ചെന്ന് പരിശീലനം നേടി. ചെന്നൈയിലുള്ള അഡയാറിൽ ഒരു കാൻസർ ആശുപത്രി ആരംഭിച്ചു. അതു മുഖാന്തിരം സ്ത്രീ വർഗ്ഗത്തിന് മഹത്തായ സേവനമനുഷ്ഠിച്ചു. ഇന്ന് ഈയാശുപത്രി വളരെ വികസിച്ച് അവരുടെ പേരും പ്രശസ്തിയും വിളിച്ചറിയിക്കുന്ന വിധത്തിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ എന്നിവരുടെ ക്ഷേമങ്ങൾക്കായി താംബരത്തിൽ ഗവൺമെന്റ് സഹായത്തോടെ ഒരു മഹിളാ പുനരധിവാസ ഭവനം (സേവാസദൻ) ആരംഭിക്കുന്നതിന് വഴിയൊരുക്കി.

രാജ്യത്തിൽ വ്യാപകമായി നടന്നിരുന്ന ബാല്യവിവാഹത്തെ നിരോധിക്കുന്നതിനായി ഗവൺമെന്റിന് പ്രേരക ശക്തിയാവുകയും ബാല്യവിവാഹ നിരോധന നിയമം കൊണ്ടുവരുന്നതിനു സഹായിക്കുകയും ചെയ്തു.

ആ കാലഘട്ടത്തിൽ സമൂഹത്തിൽ പെൺകുട്ടികളെ ക്ഷേത്രങ്ങളിലേക്ക് ദേവദാസികളായി അയയ്ക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. രാജ്യത്തെമ്പാടുമുള്ള ആയിരക്കണക്കിന് യുവതികളുടെ ജീവിതം 'ദേവദാസി' എന്ന പേരിൽ ഹോമിക്കപ്പെട്ടു. സ്ത്രീകളെ ദൈവസേവനത്തിനെന്ന വിശ്വാസത്തിൽ ദേവദാസിയാക്കുന്ന സാമൂഹ്യ ദുരാചാരത്തിനെതിരെ ഡോ. മുത്തുലക്ഷ്മി പോരാടി. അതിൽ നിന്നും സ്ത്രീകളെ രക്ഷിക്കാൻ നിയമസഭയിൽ ദേവദാസി നിരോധനനിയമം കൊണ്ടുവന്നു. ഈ നിയമം നിറവേറാതിരിക്കാൻ മതഭ്രാന്തന്മാരും യാഥാസ്ഥിതികരും വളരെയേറെ പരിശ്രമിച്ചു. ഈ നിലയിൽ സ്വാഭിമാനപ്രസ്ഥാനനേതാവ് പെരിയാർ ഈ.വി.ആറിന്റെ സഹായത്തോടും മാർഗ്ഗ നിർദ്ദേശങ്ങളോടും നിയമസഭയിൽ തുടർന്ന് വാദിച്ച് ദേവദാസി നിരോധന നിയമത്തെ നിറവേറ്റി.

അക്കാലത്തിൽ പെരിയാർ ഈ.വി. ആറിനോടൊപ്പം തമിഴ്ത്തെന്നൽ തിരുവി.ക. അവർകളും മൂവലൂർ രാമാമൃതം അമ്മൈയാരും ഈ നിയമത്തിന്റെ ആവശ്യകതയെ ജനമദ്ധ്യത്തിൽ പ്രചരിപ്പിച്ച് അനുകൂലമായ സാഹചര്യം സൃഷ്ടിക്കേണ്ടി വന്നുവെന്നതിൽ നിന്നും അക്കാലത്തെ ജനങ്ങളുടെ മനോഭാവത്തെക്കുറിച്ച് മനസ്സിലാക്കാവുന്നതാണ്.

ഡോ. മുത്തുലക്ഷ്മി റെഡ്ഡി തന്റെ ജീവിതകാലത്തിൽ ചെയ്ത സേവനങ്ങളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും നിരവധിയാണ്. നാട്ടിലെ നിരാശ്രയർക്കായി സേവാസദനുകൾ തുടങ്ങി. കുടിലുകളിൽ വസിക്കുന്ന നിർദ്ധനർക്ക് വൈദ്യചികിത്സയ്ക്കും ആരോഗ്യ ജീവിതത്തിനുമായി നിരവധി സ്ഥാപനങ്ങളേർപ്പെടുത്തി, അവ മുഖാന്തിരം സേവനമനുഷ്ഠിച്ചു.

അനാഥരും വിധവകളുമായ സ്ത്രീകളെ സംരക്ഷിക്കാൻ 1930 – ൽ അഡയാറിൽ ഔവൈ ഇല്ലം സ്ഥാപിച്ചു. പെൺകുട്ടികൾക്ക് എട്ടാം ക്ലാസ്സുവരെ സൗജന്യ വിദ്യാഭ്യാസത്തിന് വഴിയൊരുക്കി. സമുദായ സേവനം പ്രധാന ലക്ഷ്യമാക്കിക്കൊണ്ട് ജീവിച്ച മഹിളാ തിലകം ഡോ. മുത്തുലക്ഷ്മി അവർകൾക്ക് കേന്ദ്ര ഗവൺമെന്റ് 1956 – ൽ 'പദ്മഭൂഷൺ' അവാർഡ് നൽകി ആദരിച്ചു.

അവരുടെ പേരും പെരുമയും എന്നും പ്രകാശിക്കുമാറ്, അമ്മൈയാരുടെ പേരിൽ മാതൃശിശു സംരക്ഷണത്തിനായി ഗർഭിണികളായ സ്ത്രീകൾക്ക് നല്ല പോഷകാഹാരം ലഭ്യമാക്കുന്നതിന്, പ്രസവത്തിന് മൂന്നു മാസം മുമ്പും പ്രസവശേഷം മൂന്നു മാസക്കാലവും മാസംതോറും 1000 രൂപാവീതം 6000 രൂപ ഗവൺമെന്റ് നൽകുന്നു. 'ഡോ. മുത്തുലക്ഷ്മി മാതൃ – ശിശു ക്ഷേമ പദ്ധതി ' എന്ന പേരിലുള്ള മികച്ച ഈ പദ്ധതിയെ പ്രഖ്യാപിച്ച് നിറവേറ്റുകയാണ് തമിഴ്നാട് മുഖ്യമന്ത്രി കലൈജ്ഞർ എന്നത് പ്രത്യേക പരാമർശം അർഹിക്കുന്നു.

## മൂല്യനിർണ്ണയം

### I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

1. ഒരു റിപ്പബ്ലിക്കിൽ എല്ലാ പൗരന്മാരും

   a. തുല്യമായ നിക്ഷേപകരാണ്

   b. തുല്യമായ സ്വത്തവകാശം ഉള്ളവരാണ്

   c. തുല്യമായ അവകാശങ്ങൾ ഉള്ളവരാണ്.

2. ഇന്ത്യയിലെ പ്രഥമ വനിതാ ഡോക്ടർ

   a. മുത്തുലക്ഷ്മി അമ്മൈയാർ

   b. വിജയലക്ഷ്മി പണ്ഡിറ്റ്

   c. കല്പനാ ചൗള

3. സ്ത്രീകൾക്ക് അസാദ്ധ്യമായത്

   a. ക്രിക്കറ്റ് കളി

   b. വിമാനം പ്രവർത്തിപ്പിക്കൽ

   c. ഒന്നുമില്ല

4. ഔവൈ ഇല്ലം എന്നത്

   a. അനാഥരായ വിധവകളുടെ സംരക്ഷണകേന്ദ്രം

   b. അനാഥ ബാലികമാരുടെ സംരക്ഷണ കേന്ദ്രം

   C. തൊഴിലില്ലാത്ത സ്ത്രീകളുടെ സംരക്ഷണ കേന്ദ്രം

### II. പൂരിപ്പിക്കുക

1. സമത്വ സമൂഹത്തിന് രൂപം നൽകുന്നത് —— ആകുന്നു.

2. സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള വോട്ടവകാശത്തിന്റെ പ്രായപരിധി ——

3. സ്ത്രീത്വത്തെ അവഹേളിക്കും മൂഢത്വത്തെയകറ്റിടാം എന്ന വരികൾ രചിച്ചത് ——

## III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. സമൂഹ ഉച്ചനീചത്വങ്ങളെ നിർമ്മാർജ്ജനം ചെയ്യൽ | - | പരമ്പരാഗതമായ അന്ധവിശ്വാസം |
| 2. പുരുഷൻ മാത്രമേ വിവിധ പദവികൾക്കും പ്രാപ്തർ | - | മുത്തുലക്ഷ്മിയുടെ പ്രാപ്തി വർദ്ധിക്കുന്നു |
| 3. സ്ത്രീകൾ പുരുഷനെ ആശ്രയിച്ചു ജീവിക്കുന്നവർ | - | തെറ്റായ വിശ്വാസം |
| 4. ബാല്യവിവാഹം നിരോധിക്കുക | - | സമൂഹ നീതി |
| 5. അഡയാർ ക്യാൻസർ | - | നിരോധനം ഏർപ്പെടുത്തി ആശുപത്രി |

## IV. ഉത്തരമെഴുതുക

1. മാനവശേഷിയ്ക്ക് തടസ്സമായി നിൽക്കുന്നതെന്ത്?
2. ബുദ്ധിശക്തിയും, ശാരീരിക ശക്തിയും ഉപയോഗിച്ച് സ്ത്രീകൾ ചെയ്തുവരുന്ന ഏതെങ്കിലും എട്ട് ജോലികൾ എഴുതുക.
3. മാതൃശിശു സംരക്ഷണത്തിനായി തമിഴ്നാട് ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം?
4. ഡോക്ടർ മുത്തുലക്ഷ്മി ഇന്ത്യയിൽ ആദ്യമായി ഏർപ്പെടുത്തിയ പ്രവർത്തനങ്ങൾ എഴുതുക.
5. ഡോക്ടർ മുത്തുലക്ഷ്മിക്ക് കേന്ദ്രഗവൺമെന്റ് എന്ത് അവാർഡാണ് നൽകി ആദരിച്ചത്?
6. സ്ത്രീ സമത്വം എങ്ങനെയെല്ലാം നിഷേധിക്കപ്പെടുന്നു?

## പ്രായോഗിക പ്രവർത്തനം

1. വായനശാലയിൽ നിന്നും താഴെപ്പറയുന്ന നേതാക്കളെപ്പറ്റിയുള്ള പുസ്തകങ്ങൾ പഠിക്കുക.

    അ) ഈ.വേ.രാ.

    ആ) മൂവലൂർ രാമാമ-തം അമ്മയാർ

2. നിങ്ങളുടെ കാഴ്ചപ്പാടിൽ സ്ത്രീ ശാക്തികരണത്തിന് മാതൃകയായ സ്ത്രീ രത്നങ്ങളെ ഓർക്കുമ്പോൾ ആരെയാണ് ഓർമ്മ വരുന്നത്? എന്തുകൊ്?

3. ഇന്ത്യാഗവൺമെന്റ് നൽകിവരുന്ന ഉയർന്ന അവാർഡുകളുടെ വിവരം പട്ടിക യാക്കുക?

4. സ്ത്രീകൾ സമത്വം നേടിയവർ! നേടിയവരല്ല! വിവാദിക്കുക.

5. ഡോക്ടർ മുത്തുലക്ഷ്മിയെപ്പറ്റിയുള്ള ജീവചരിത്രക്കുറിപ്പുകളെ പൂർത്തിയാക്കുക.

    1. പേര്
    2. ജനനതീയതി
    3. ജന്മസ്ഥലം
    4. വിദ്യാഭ്യാസം നേടിയ സർവകലാശാലകൾ
        1.
        2.
    5. വഹിച്ച പദവികൾ
        1.
        2.
        3.
    6. സ്ഥാപിച്ച ആശുപത്രി
    7. അവാർഡുകൾ / വർഷം
    8. അവർ ചെയ്ത സേവനങ്ങളിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്.

## 1. നാം വസിക്കുന്ന ഭൂമി

നിങ്ങളുടെ സ്ഥലത്തിനടുത്ത് മലയുണ്ടോ? കടലുണ്ടോ? നദിയുണ്ടോ? നിങ്ങളുടെ സ്ഥലം സമതലത്തിലാണോ അഥവാ മലപ്രദേശത്തിലാണോ ഉള്ളത്?മലകൾ, പീഠഭൂമികൾ, സമതലങ്ങൾ എന്നിവ ഭൂപ്രകൃതികളാണ്. ഉയരമുള്ള മുഖപ്പുകൾ ഉള്ള സ്ഥലമാണ് മല. പല മലകൾ തുടർച്ചയായി കാണപ്പെടുന്നതിനെ മലനിരകൾ എന്നു പറയുന്നു. ലോകത്തെ ഏറ്റവും ഉയരം കൂടിയ മലനിര ഹിമാലയ പർവ്വതമാകുന്നു.

ഇന്ത്യാ ഭൂപടത്തെ നോക്കുക. ഇന്ത്യയിലെ മറ്റൊരു മലനിരയെ നോക്കി മനസ്സിലാക്കുക.

ചുറ്റുമുള്ള സ്ഥലത്തെക്കാളും അല്പം ഉയർന്നും മുകൾഭാഗം പരന്നുമുള്ള ഭൂഘടനയെ **പീഠഭൂമി** എന്നു പറയുന്നു. ടിബറ്റ് പീഠഭൂമിയാണ് ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പീഠഭൂമി.

ദക്ഷിണേന്ത്യയിലെ പീഠഭൂമി ഏത്? അദ്ധ്യാപകന്റെ സഹായത്തോടെ ഭൂപടത്തിൽ നിന്നും കണ്ടുപിടിക്കുക.

വിസ്തൃതവും താഴ്ന്നതും സമമായതുമായ നിലപ്പരപ്പിനെ **സമതലം** എന്നു പറയുന്നു. ഗംഗാനദി ഒഴുകുന്ന ഉത്തരേന്ത്യൻ പ്രദേശം ലോകത്തിലെ മുഖ്യമായ സമതലങ്ങളിലൊന്നാണ്.

തമിഴ്നാട്ടിൽ കാവേരി, താമ്രപരണി നദീതീരങ്ങളിലുള്ള സമതലങ്ങളെ ഭൂപടം നോക്കി കണ്ടുപിടിക്കുക.

തമിഴ്നാട്ടിലുള്ള സ്ഥലങ്ങളാണ് ചെന്നൈ, മധുര, തിരുനെൽവേലി തിരുച്ചിറാപ്പള്ളി, ഊട്ടി, കൊടൈക്കനാൽ, തേനി എന്നിവ. തമിഴ്നാട് ഇന്ത്യയുടെ ഒരു ഭാഗമാണ്.

രാമേശ്വരം, തിരുച്ചെന്തൂർ മുതലായ നഗരങ്ങൾ എങ്ങനെയുള്ള ഭൂഘടനയെ ആസ്പദമാക്കിയിട്ടുള്ളതെന്ന് കണ്ടുപിടിക്കുക.

നിങ്ങളുടെ സ്ഥലം എവിടെയാണ് സ്ഥിതി ചെയ്യുന്നത്? സമതലത്തിലാണോ? മലപ്രദേശത്തിലാണോ? പീഠഭൂമിയിലാണോ? എന്ന് അദ്ധ്യാപകന്റെ സഹായത്തോടെ കണ്ടുപിടിക്കുക.

ഇന്ത്യ, ഏഷ്യാ ഭൂഖണ്ഡത്തിന്റെ ഒരു ഭാഗമാണ്. ഇന്ത്യ, ചൈന, പാകിസ്ഥാൻ തുടങ്ങിയ പല രാജ്യങ്ങൾ ഏഷ്യയിലുണ്ട്. ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി തുടങ്ങിയ രാജ്യങ്ങൾ സ്ഥിതിചെയ്യുന്ന ഭൂപ്രദേശമാണ് യൂറോപ്പ് ഭൂഖണ്ഡം.

ഏഷ്യ, യൂറോപ്പ് എന്നിവയെ കൂടാതെ വടക്കെ അമേരിക്ക, തെക്കെ അമേരിക്ക, ആഫ്രിക്ക, ആസ്ട്രേലിയ, അന്റാർടിക്ക എന്നിങ്ങനെ **ഏഴു വൻ കരകൾ ലോകത്തിലുണ്ട്.** സമുദ്രങ്ങളല്ലാതെ തുടർച്ചയായതും വിസ്തൃതവുമായ നിലപ്പരപ്പിനെ **ഭൂഖണ്ഡങ്ങൾ (വൻകരകൾ)** എന്നു പറയുന്നു.


### ഏഴു വൻകരകൾ:

#### 1. ഏഷ്യ:

ഏഴു വൻകരകളിൽ ഏറ്റവും വലുതാണ് ഏഷ്യ. ഇത് ഭൂമിയുടെ ഉത്തരാർദ്ധ ഗോളത്തിൽ സ്ഥിതിചെയ്യുന്നു. നാം വസിക്കുന്ന **ഇന്ത്യ ഏഷ്യാ വൻകരയിലാണുള്ളത്. ഗോബി ശൈത്യമരുഭൂമി,** ഏറ്റവും ഉയരംകൂടിയ **ഹിമാലയ പർവ്വത നിരകൾ** എന്നിവ ഈ ഭൂഖണ്ഡത്തിൽ സ്ഥിതി ചെയ്യുന്നു.



ഹിമാലയ പർവ്വത നിരകൾ


ലോക ഭൂപടം
ആർട്ടിക് മഹാസമുദ്രം
വടക്കെ അമേരിക്ക
യൂറോപ്പ്
ഏഷ്യ
അറ്റ്ലാന്റിക് മഹാസമുദ്രം
പസഫിക്ക് മഹാസമുദ്രം
ആഫ്രിക്ക
പസഫിക്ക് മഹാസമുദ്രം
തെക്കെ അമേരിക്ക
ഇന്ത്യൻ മഹാസമുദ്രം
ആസ്ട്രേലിയ
ഏഴു വൻകരകളും
അഞ്ചു മഹാസമുദ്രങ്ങളും
അന്റാർട്ടിക് മഹാസമുദ്രം
അന്റാർട്ടിക്ക